⇨ ചരൺ സിംഗ് സമ്പന്നരായ കർഷകരെ പുതിയ സംഭരണനയത്തിന് പിന്നിൽ അണിനിരത്തി ⇨

# കോർപ്പറേറ്റുകൾക്ക് എതിരായ കർഷകരുടെ ഐക്യനിര

രാജ്യത്തിന്റെ കാർഷിക നയങ്ങളെ അപ്പാടെ മാറ്റിമറിച്ച നവലിബറൽ പരിഷ്കാരങ്ങൾ ഇന്നത്തെ കർഷക പ്രസ്ഥാനത്തെ ഭൂതകാലത്തിൽ നിന്ന് വ്യത്യസ്തമാക്കുന്ന ഒരു സുപ്രധാന സംഗതിയായി മാറുന്നു. കാർഷിക മേഖല പൂർണ്ണമായും കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുന്നതിന് എതിരായ വിശാല ഐക്യമായി കർഷക സമരം വളരുകയാണ്.

**രഞ്ജിനി ബസു**

**രാജ്യതലസ്ഥാനത്തിന്റെ** വാതിലിൽ മുട്ടുന്ന നിലവിലെ കർഷകരുടെ പോരാട്ടം നിരവധി പ്രത്യയശാസ്ത്രങ്ങളുടെയും ആശങ്കകളുടെയും വിശാലമായ വർഗസഖ്യത്തിന്റെയും സമ്മേളനവേദിയായും വിലയിരുത്തപ്പെടേണ്ടതുണ്ട്. ഏതൊരു ചലനാത്മക ബഹുജന പ്രസ്ഥാനത്തെയും പോലെ, പ്രതിഷേധക്കാരുടെ ആവിഷ്കാരങ്ങളും വികസിച്ചുകൊണ്ടിരിക്കുന്നു. ഒപ്പം അത് കൂടുതൽ വാചാലമാവുകയും ചെയ്യുന്നു. ഈ ഐക്യം, തൊണ്ണൂറുകളിൽ അവതരിപ്പിച്ച നവലിബറൽ പരിഷ്കാരങ്ങളുടെ പിന്നാലെയുണ്ടായ കാർഷിക പ്രതിസന്ധി ഇന്ത്യൻ ഗ്രാമീണ മേഖലയിൽ സൃഷ്ടിച്ച ഗതികേടുകളെ മറികടക്കുന്നതായി കാണാം. കർഷക പ്രസ്ഥാനത്തിനെതിരെ നിരന്തരമായുണ്ടാകുന്ന അപകീർത്തി പ്രചാരണങ്ങളെ നേരിടാനുള്ള ധൈര്യവും ഈ ഐക്യം പകരുന്നുണ്ട്.

### കർഷക പ്രസ്ഥാനങ്ങൾ: പഴയതും പുതിയതും

1960 കളിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും (എഫ്സിഐ) കോസ്റ്റ് ആൻഡ് പ്രൈസ് കമ്മീഷനും (സിഎസിപി) സ്ഥാപിച്ചതിലൂടെ സാധ്യമായ നേരിട്ടുള്ള സംഭരണനയത്തിന്റെ വിജയം സമ്പന്നരായ കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഒന്നായിരുന്നു. പ്രത്യേകിച്ച് വടക്കേ ഇന്ത്യയിൽ ഹരിത വിപ്ലവാനന്തര കാലഘട്ടത്തിൽ മിച്ച ഭക്ഷ്യധാന്യ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. അന്നത്തെ ഉത്തർപ്രദേശ് മുഖ്യമന്ത്രിയായിരുന്ന ചരൺ സിംഗ് സമ്പന്നരായ കർഷകരെ പുതിയ സംഭരണനയത്തിന് പിന്നിൽ അണിനിരത്തി. ഭക്ഷ്യ കമ്മി, പണപ്പെരുപ്പം എന്നിവ രാജ്യത്തിന്റെ പരമാധികാരത്തെ ഭീഷണിപ്പെടുത്താൻ തുടങ്ങിയ ആ കാലത്ത് മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി) വഴി ലഭ്യമായ സുസ്ഥിരമായ വരുമാനത്തിലൂടെ സമ്പന്ന കർഷകരെ പിന്തുണച്ചുകൊണ്ടാണ് അതിന് പരിഹാരം കണ്ടെത്തിയത്.

പശ്ചിമ ഉത്തർപ്രദേശിലെ ഭാരതീയ കിസാൻ യൂണിയൻ (ബി.കെ.യു), മഹാരാഷ്ട്രയിലെ ഷെട്കാരി സംഘടന, കർണാടക രാജ്യ റൈത്ത സംഘ (കെ.ആർ.ആർ.എസ്) തുടങ്ങിയവയാണ് ചരൺ സിങ്ങിന്റെ രാഷ്ട്രീയത്തോട് ആഭിമുഖ്യം പുലർത്തിയ കർഷക സംഘടനകൾ. മികച്ച വിലനിർണ്ണയ നയങ്ങളുടെ ആവശ്യം, വ്യാപാര നിയന്ത്രണങ്ങൾ ഉയർത്തൽ, കൂടുതൽ ഇൻപുട്ട് സബ്സിഡികൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് സമ്പന്ന–ഇടത്തരം കർഷകർ സാമൂഹിക അടിത്തറ

കെട്ടിപ്പടുത്തത്. ഈ കർഷക സംഘടനകളുടെ രാഷ്ട്രീയം സ്വാഭാവികമായും ഗ്രാമീണ മേഖലയിലെ ചെറുകിട കർഷകരുടെ പ്രശ്നങ്ങളും വേതന സമരങ്ങളും ഏറ്റെടുത്ത ഇടതുപക്ഷ യൂണിയനുകളുമായി തർക്കത്തിലേർപ്പെട്ടു. കാർഷിക നിയമങ്ങൾക്കെതിരായ ഇപ്പോഴത്തെ കർഷക പ്രസ്ഥാനത്തെ ഈ ബി.കെ.യു കാലഘട്ടവുമായി താരതമ്യപ്പെടുത്തി കാണുന്നുണ്ട്. എന്നാൽ, മുൻകാല സമരങ്ങൾക്കും ഇപ്പോൾ നാം കാണുന്ന കർഷക ഐക്യത്തിനും തമ്മിൽ അടിസ്ഥാനപരമായി ചില വ്യത്യാസങ്ങളുണ്ട്. മുമ്പത്തെ കർഷക പ്രസ്ഥാനം സമ്പന്നരായ ഭൂവുടമകൾക്കായാണ് നിലകൊണ്ടിരുന്നത് എന്നത് വ്യക്തമാണ്. 1970 കളിലും 1980 കളിലും ഈ സംഘടനകളിൽ പലതും കാർഷികമേഖലയിലെ സ്വതന്ത്ര വ്യാപാരത്തിനായി നിലകൊള്ളുകയും ചെയ്തു. കൂടാതെ, ഈ മുൻകാല പ്രസ്ഥാനങ്ങൾ പലതും ജാതീയതയിലും ഫ്യൂഡൽ അടിത്തറയും നിലയുറപ്പിച്ചതായും വിലയിരുത്തപ്പെട്ടിട്ടുണ്ട്.

> 2000 ത്തിന്റെ തുടക്കത്തിൽ ഏകീകൃത കർഷക പ്രസ്ഥാനത്തിന്റെ ഒരു പുതിയ ഘട്ടം പഞ്ചാബിൽ രൂപപ്പെട്ടു. വർഷങ്ങളുടെ പോരാട്ടത്തിലൂടെ അത് വളർന്നു. കാർഷിക നിയമങ്ങൾക്കെതിരായ ഇന്നത്തെ സംഘടിത പ്രതിഷേധത്തിന്റെ മുന്നോടിയായി അത് പ്രവർത്തിച്ചു എന്ന് പറയാം. ഈ പുതിയ സഖ്യത്തിലെ കർഷകരുടെ പ്രാതിനിധ്യം സമ്പന്നമായ ജാട്ട് കർഷകരിൽ നിന്നും വൈവിധ്യമാർന്ന ചെറുകിട, നാമമാത്ര കർഷകരിലേക്ക് മാറിയിരിക്കുന്നതായി കാണാം.

ഏറ്റവും പ്രധാനമായി, ഈ മുൻകാല കർഷക പ്രസ്ഥാനം ഹരിത വിപ്ലവ വലയത്തിന്റെ പ്രത്യേക ആവശ്യങ്ങളെ പ്രതിനിധീകരിക്കുകയും മിച്ചത്തിന്റെ തുല്യമായ വിതരണത്തെ ഒരിക്കലും അംഗീകരിക്കുകയും ചെയ്തിരുന്നില്ല. 1980 കളിലെ കർഷക പ്രസ്ഥാനം ഉന്നയിച്ച മുദ്രാവാക്യം ഗ്രാമീണ സമ്പന്നരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നവയായിരുന്നു എന്ന് കാണാം. സബ്സിഡി നിരക്കിലുള്ള ഭക്ഷ്യ വിതരണ സമ്പ്രദായം അവരുടെ ഭക്ഷ്യധാന്യങ്ങളുടെ വില ഉയരുന്നതിന് തടസ്സമാണെന്ന് അവർ വിശ്വസിച്ചു. ഇതിനു വിരുദ്ധമായി, കാർഷിക നിയമങ്ങൾക്കെതിരായ നിലവിലെ കർഷക പ്രസ്ഥാനം കേന്ദ്ര സർക്കാരും വൻകിട കാർഷിക ബിസിനസുകാരും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിൽ കേന്ദ്രീകരിച്ചതിലൂടെ വിശാലമായ ജനകീയ പിന്തുണ നേടാൻ അതിന് കഴിഞ്ഞു.

### കോർപ്പറേറ്റ് ഭീഷണിക്കെതിരായ കർഷകരുടെ ഐക്യനിര

രാജ്യത്തിന്റെ കാർഷിക നയങ്ങളെ അപ്പാടെ മാറ്റിമറിച്ച നവലിബറൽ പരിഷ്കാരങ്ങൾ ഇന്നത്തെ കർഷക പ്രസ്ഥാനത്തെ ഭൂതകാലത്തിൽ നിന്ന് വ്യത്യസ്തമാക്കുന്ന ഒരു സുപ്രധാന സംഗതിയായി മാറുന്നു. ഉൽപാദനച്ചെലവ്, ഇൻപുട്ട് സബ്സിഡികളുടെ കാര്യത്തിലെ പിന്തുണ കുറയ്ക്കുക, കടബാധ്യത വർദ്ധിക്കുക എന്നിവയിലാണ് പുതിയ കാർഷിക നയം എത്തിനിൽക്കുന്നത്. ഹരിത വിപ്ലവാനന്തര കാലഘട്ടം മുതൽ പഞ്ചാബ് ആണ് എഫ്സിഐയുടെ ഓഹരിയിലേക്കുള്ള ഗോതമ്പും അരിയും മൂന്നിൽ നാല് ഭാഗവും സംഭാവന ചെയ്യുന്നത്. സംസ്ഥാനത്തെ മിച്ച ഉൽപാദനത്തിന്റെ നേട്ടം അടിത്തട്ടിലുള്ള കർഷകരുടെ നിരയിലേക്ക് ഒരു പരിധിവരെ വ്യാപിച്ചു. സർക്കാർ നിയന്ത്രിത മണ്ഡി ശൃംഖലയും വടക്കൻ സംസ്ഥാനങ്ങളിലെ അവയുടെ സംഭരണ പ്രവർത്തനങ്ങളും സുസ്ഥിര വരുമാനത്തിന്റെ ഉറവിടങ്ങളിലൊന്നായി മാറിയിരിക്കുന്നു. സിങ്കു-തിക്രി അതിർത്തികളിലെത്തിയ ട്രാക്ടറുകൾ പ്രധാനമായും പഞ്ചാബിൽ നിന്നുള്ള കർഷകരുടേതാണ്. ഒരു പരിധിവരെ ഹരിയാനയിൽ നിന്നുള്ളവരും. ഈ സംസ്ഥാനങ്ങളിലെ യന്ത്രവൽക്കരണത്തിന്റെ വേഗതയ്ക്ക് തെളിവാണ് ഈ ട്രാക്ടറുകൾ. എന്നിരുന്നാലും, 1990 കൾ മുതൽ ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദന നിരക്ക് നിശ്ചലമായതോടെ പഞ്ചാബ് കർഷകരിൽ കടബാധ്യതയുടെ തോതും ഉയർന്നു. 2008 ൽ പഞ്ചാബ് സംസ്ഥാന കർഷക കമ്മീഷൻ നടത്തിയ പഠനത്തിൽ സംസ്ഥാനത്തെ 89 ശതമാനം കാർഷിക കുടുംബങ്ങളും കടത്തിലാണെന്ന് കണ്ടെത്തി. എല്ലാ വീടുകളും കടത്തിലായിരിക്കുമ്പോൾത്തന്നെ, ചെറുകിട ഭൂവുടമകൾ ഹെക്ടറിനനുസരിച്ച് കൂടുതൽ കടത്തിലാണെന്നും ഈ പഠനത്തിലൂടെ വ്യക്തമായി. കാർഷിക ദുരിതത്തിന്റെ ആഘാതം മുഴുവൻ കാർഷികമേഖലയിലേക്കും വ്യാപിച്ചെങ്കിലും, ചെറുതും നാമമാത്രവുമായ കർഷകരെയാണ് ഇത് ഏറ്റവും രൂക്ഷമായി ബാധിച്ചത്.

2000 ത്തിന്റെ തുടക്കത്തിൽ ഏകീകൃത കർഷക പ്രസ്ഥാനത്തിന്റെ ഒരു പുതിയ ഘട്ടം പഞ്ചാബിൽ രൂപപ്പെട്ടു. വർഷങ്ങളുടെ പോരാട്ട

*⇨ നിരവധി സർക്കാർ സമ്മർദങ്ങളെയും സുപ്രീംകോടതി ഉത്തരവിനെയും ഇവർ ഒന്നിച്ച് നേരിടുന്നു ⇨*



ത്തിലൂടെ അത് വളർന്നു. കാർഷിക നിയമങ്ങൾക്കെതിരായ ഇന്നത്തെ സംഘടിത പ്രതിഷേധത്തിന്റെ മുന്നോടിയായി അത് പ്രവർത്തിച്ചു എന്ന് പറയാം. ഈ പുതിയ സഖ്യത്തിലെ കർഷകരുടെ പ്രാതിനിധ്യം സമ്പന്നമായ ജാട്ട് കർഷകരിൽ നിന്നും വൈവിധ്യമാർന്ന ചെറുകിട, നാമമാത്ര കർഷകരിലേക്ക് മാറിയിരിക്കുന്നതായി കാണാം. ദില്ലി അതിർത്തികളിലെ പ്രക്ഷോഭങ്ങളിൽ സ്ത്രീകളെയും വളരെയധികം കാണാൻ കഴിയുന്നുണ്ട്. ഇത് മുൻകാല കർഷക പ്രസ്ഥാനങ്ങളിൽ കാണാത്ത ഒരു സംഭവമാണ്.

സർക്കാരുമായുള്ള ചർച്ചകളിൽ പങ്കെടുത്ത പഞ്ചാബിൽ നിന്നുള്ള വിവിധ കർഷക സംഘങ്ങളെ ശ്രദ്ധിച്ചാൽ, കാർഷിക നിയമങ്ങൾക്കെതിരെ രൂപപ്പെട്ടുവന്ന വർഗ്ഗ-പ്രത്യയശാസ്ത്ര വൈരുദ്ധ്യങ്ങളുടെ ഒത്തൊരുമ കാണാൻ കഴിയും. ഇത് ഇന്ത്യൻ കാർഷിക മേഖലയെ കോർപ്പറേറ്റ് താൽപ്പര്യങ്ങൾ തീറെഴുന്നതിനെതിരായ ഒരു സഖ്യമായി മാറുന്നു. ഐക്യസമരങ്ങളിൽ നിന്നും ഒരുകാലത്ത് മാറിനിന്ന സമ്പന്ന കർഷകർ, ഒരു വലിയ കോർപ്പറേറ്റ് ഭീഷണിയെ അഭിമുഖീകരിക്കാൻ തുടങ്ങിയതോടെ ചെറുകിട, നാമമാത്ര കർഷകർക്കൊപ്പം ചേരാൻ നിർബന്ധിതരായിത്തീർന്നു. രാജ്യത്തെ രാഷ്ട്രീയ ഭൂമികയിൽ സമ്പന്നരായ കർഷക-ഭൂവുടമസ്ഥർക്കുള്ള അധികാരം ചെറുകിട, നാമമാത്ര കർഷകരിലേക്കും നീങ്ങിയിട്ടുണ്ടോ എന്ന് ഇനിയും കണ്ടെത്താനായിട്ടില്ല. എന്നിരുന്നാലും, സമ്പന്നമായ കർഷക വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന ഗ്രൂപ്പുകൾ കാർഷിക നിയമങ്ങൾ റദ്ദാക്കണമെന്ന ആവശ്യത്തിൽ ഒത്തുചേരുന്നു. നിരവധി സർക്കാർ സമ്മർദങ്ങളെയും സുപ്രീംകോടതി ഉത്തരവിനെയും ഇവർ ഒന്നിച്ച് നേരിടുന്നു.

ദേശീയ തലത്തിൽ പ്രശ്നാധിഷ്ഠിത ഐക്യത്തിന്റെ ഈ മാതൃകയ്ക്ക് മുഖ്യമായും പങ്കുവഹിച്ചത് ഭൂമി അധികർ ആന്ദോളൻ (ബിഎഐ), അഖിലേന്ത്യാ കിസാൻ സംഘർഷ് കോർഡിനേഷൻ കമ്മിറ്റി (എഐകെഎസ്.സി.സി) എന്നിവയാണ്. ഭൂമി ഏറ്റെടുക്കൽ ബില്ലിനെതിരായ പ്രക്ഷോഭം, നോട്ടുനിരോധനം കാർഷിക മേഖലയിൽ സൃഷ്ടിച്ച തകർച്ച, വായ്പ എഴുതിത്തള്ളലിനായുള്ള ആവശ്യം എന്നിവയെല്ലാം ഐക്യ സാധ്യത വർദ്ധിപ്പിച്ചു. എ.ഐ.കെ.എസ്.സി.സി, പഞ്ചാബ് സംഘടനകൾ ഒത്തുചേർന്നാണ് ദില്ലിയിലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും കാർഷിക നിയമങ്ങൾക്കെതിരായ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുന്ന സംയുക്ത കിസാൻ മോർച്ച രൂപീകരിച്ചത്.

നിലവിൽ പ്രതിഷേധക്കാർ അഞ്ച് വശങ്ങളിൽ നിന്നും തലസ്ഥാനത്തെ വളഞ്ഞിരിക്കു

കയാണ്. ഈ പ്രതിഷേധ ക്യാമ്പുകളിൽ ഓരോന്നിന്റെയും സ്വഭാവം പ്രാദേശിക, വർഗ്ഗ വൈവിധ്യത്തെ വെളിപ്പെടുത്തുന്നുണ്ട്. പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിൽ നിന്നുള്ള സിങ്കു, തിക്രി അതിർത്തികളിലെ കർഷകരുടെ ഏറ്റവും വലിയ സംഘം ട്രാക്ടറുകൾക്ക് പിന്നിൽ നിർമ്മിച്ച താൽക്കാലിക മുറികൾക്കുള്ളിൽ തമ്പടിക്കുകയാണ്. തിക്രി അതിർത്തിയിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാർഷിക ആത്മഹത്യകൾ രേഖപ്പെടുത്തിയിട്ടുള്ള പഞ്ചാബിലെ മാൽവ മേഖലയിൽ നിന്നുള്ള ചെറുകിട, നാമമാത്ര കർഷകരുടെ സാന്നിധ്യം പ്രകടമാണ്. പാൽവാൽ അതിർത്തിയിൽ മധ്യപ്രദേശിൽ നിന്നുള്ള പ്രതിഷേധക്കാരുടെ ഒരു ചെറിയ സംഘമുണ്ട്.

പ്രചാരണങ്ങളുടെ ഫലമായി, ഹരിയാനയിലെ മേവാട്ട് മേഖലയിൽ നിന്നുള്ള കർഷകർ ഈ ക്യാമ്പിൽ ചേർന്നു. കന്നുകാലികളെ വളർത്തുന്ന മുസ്ലിം ജനവിഭാഗത്തിൽ നിന്നുള്ളവരാണ് ഇവരിൽ ഏറെയും. പടിഞ്ഞാറൻ ഉത്തർപ്രദേശിലെയും ഉത്തരാഖണ്ഡിലെയും കർഷകരാണ് ഗാസിപ്പൂർ അതിർത്തിയിൽ അണിനിരന്നിരിക്കുന്നത്. തലസ്ഥാനത്ത് നിന്ന് ഏറ്റവും അകലെയുള്ള സഹജാപൂർ ക്യാമ്പ് രാജസ്ഥാൻ-ഹരിയാന അതിർത്തിയിലാണുള്ളത്. വലിയ ഭൂപ്രദേശത്ത് നിന്നുള്ള കർഷകർ അവിടെ തമ്പടിച്ചിട്ടുണ്ട്. അഖിലേന്ത്യാ കിസാൻ സഭയുടെ രാജസ്ഥാൻ സംസ്ഥാന സമിതിയാണ് ക്യാമ്പ് പ്രധാനമായും കൈകാര്യം ചെയ്യുന്നതെങ്കിലും, മഹാരാഷ്ട്ര, ഒഡീഷ, പശ്ചിമ ബംഗാൾ, ജമ്മു കശ്മീർ, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള കർഷക സംഘങ്ങളുടെ പങ്കാളിത്തവും ഈ പ്രദേശത്തുണ്ട്. കർഷകർ താമസിക്കുന്നതിനായി അവർ അവിടെ കൂടാരങ്ങൾ സ്ഥാപിച്ചിട്ടുമുണ്ട്.

പ്രക്ഷോഭം പഞ്ചാബിലും ഹരിയാനയിലും മാത്രമായി പരിമിതപ്പെടുത്തിയെന്ന വാദം പ്രസ്ഥാനത്തിന്റെ ആവശ്യങ്ങൾ വിശാലമാക്കി കർഷക സംഘടനകൾ തള്ളിക്കളഞ്ഞു. മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കുകയും വൈദ്യുതി ഭേദഗതി നിയമം റദ്ദാക്കുകയും ചെയ്യുകയെന്നതാണ് പ്രക്ഷോഭത്തിന്റെ പ്രധാന ആവശ്യം. അതേസമയം, എം.എസ്പിയെ നിയമപരമായ അവകാശമായി സ്ഥാപിക്കണമെന്നും ഗ്യാരണ്ടീഡ് സംഭരണത്തിന്റെ കാര്യത്തിൽ ഉറപ്പ് നൽകണമെന്നും കർഷക യൂണിയനുകൾ ആവശ്യപ്പെടുന്നു.

നിയന്ത്രിത വിപണികളിലേക്കും എം.എസ്.പികളിലേക്കും ഉള്ള പ്രവേശനം ഇന്ത്യൻ കർഷകരിലെ ഒരു ചെറിയ വിഭാഗത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നതിൽ ഹരിത വിപ്ലവ മേഖലയോടുള്ള പ്രാദേശിക പക്ഷപാതിത്വം ഉള്ളതായി കാണാം. കർഷക പ്രക്ഷോഭത്തിന്റെ നിലവിലെ ആവശ്യങ്ങളോട് കൂടുതൽ യോജിച്ചു നിൽക്കുന്നത് രാജ്യത്തുടനീളമുള്ള ചെറുകിട, നാമമാത്ര കർഷകരാണ്. മിച്ചം ഉൽപ്പാദിപ്പിക്കുന്ന, നിയന്ത്രിത കമ്പോളവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ നിന്നാണ് വലിയ പ്രക്ഷോഭങ്ങൾ ഉയർന്നുവന്നത് എന്നതിനാൽ വിപുലമായ ഐക്യത്തിന്റെയും സംഭാഷണത്തിന്റെയും ഫലങ്ങൾ ഇനിയും തദ്ദേശീയമായി അനുഭവപ്പെട്ടു തുടങ്ങിയിട്ടില്ല.

**ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ചോദ്യങ്ങൾ**

മുമ്പുണ്ടായിരുന്ന നഗര-ഗ്രാമ വൈരുദ്ധ്യങ്ങളെ നിലവിലെ കർഷക പ്രസ്ഥാനത്തിന് വലിയരീതിയിൽ മറികടക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് വസ്തുതയാണ്. ചർച്ചകൾ എവിടെയും എത്തുന്നില്ല എന്ന പ്രതിസന്ധികൾക്കിടയിലും കാർഷിക നിയമങ്ങൾ റദ്ദാക്കുക എന്ന കഠിനമായ ലക്ഷ്യം കർഷക പ്രസ്ഥാനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. കാർഷിക നിയമങ്ങളുടെ നടപ്പിലാക്കൽ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് ഭീഷണിയായിത്തീരും എന്ന വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ട് നിർമ്മാതാക്കളും പാവപ്പെട്ട ഉപഭോക്താക്കളും തമ്മിലുള്ള അതിർവരമ്പുകൾ ഭേദിക്കുകയാണ് കർഷക സമരം. ചെറുകിട, നാമമാത്ര കർഷകരിൽ ഭൂരിഭാഗവും ഭക്ഷണം സ്വയം ഉദ്പാദിപ്പിക്കുന്നവരും ഗ്രാമീണ ജനതയുടെ വലിയൊരു വിഭാഗം കാർഷികേതര തൊഴിലുകളിൽ ഏർപ്പെടുന്നവരും ആയിരിക്കുന്ന സാഹചര്യത്തിൽ ഇത് വളരെ പ്രധാനമാണ്. ഭരണകക്ഷിയും കോർപ്പറേറ്റ് കാർഷിക ബിസ്നസ്സുകാരും തമ്മിലുള്ള അവിശുദ്ധ ബന്ധം കർഷകർ കഠിനാധ്വാനത്തിലൂടെ നേടിയെടുത്ത ഇന്ത്യയുടെ ഭക്ഷ്യധാന്യ സ്വയംപര്യാപ്തതയെയും ഭക്ഷ്യസുരക്ഷയ്ക്കുള്ള നിയമപരമായ അവകാശത്തെയും അപകടത്തിലാക്കുന്നുവെന്ന് കർഷക പ്രസ്ഥാനം ശരിയായി തിരിച്ചറിഞ്ഞിട്ടുണ്ട്

അവശ്യവസ്തു നിയമത്തിലെ ഭേദഗതിയുടെ ആഘാതം സ്റ്റോക്ക്പൈലിംഗിനും ഹോർഡിംഗിനുമുള്ള സാധ്യതകൾ തുറക്കുന്നു. അഗ്രി ലോജിസ്റ്റിക്സിലേക്കുള്ള അദാനിയുടെ നിക്ഷേപങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ സ്വാഭാവികമായും വിലക്കയറ്റത്തിനും ഭക്ഷ്യകമ്മിക്കും കാരണമായിത്തീരുമെന്ന് സംശയിക്കേണ്ടതുണ്ട്. ഫാർമിംഗ് പ്രൊഡ്യൂസ് ട്രേഡ് ആൻഡ് കൊമേഴ്സ് (പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ) ആക്റ്റ്, കോർപ്പറേറ്റ് ഉടമസ്ഥതയി



ലുള്ള മാർക്കറ്റ് യാർഡുകളെ സ്വകാര്യ മൻഡികളായി പ്രവർത്തിക്കാൻ അനുവദിക്കുന്നുണ്ട്. അവിടെ നിലവിൽ എം.എസ്പികളിൽ പേയ്മെന്റുകൾ നടത്തണമെന്ന് നിർബന്ധമില്ല.

ഗ്രാമീണ മേഖലയിലെ എല്ലാ വൈരുദ്ധ്യങ്ങളും ഈ 'ഐക്യത്തിൽ' ഏകോപിക്കപ്പെട്ടിരിക്കുന്നു എന്ന് പറയുന്നത് വസ്തുതാപരമായി തെറ്റാണ്. വളരെ ആഴത്തിൽ വേരൂന്നിയ ജാതി-വർഗ്ഗ അസമത്വവും, ഗ്രാമപ്രദേശങ്ങളിലെ കർഷക-തൊഴിലാളി വൈരുദ്ധ്യവും, ദലിത് ഭൂരഹിത ജനസംഖ്യയുടെ കേന്ദ്രീകരണവുമുള്ള പ്രദേശമാണ് പഞ്ചാബ് എങ്കിലും ഭൂരഹിതരായ കാർഷിക തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന സംഘടനകൾ കാർഷിക നിയമങ്ങൾ പിൻവലിക്കാൻ വേണ്ടിയുള്ള സമരത്തിൽ അണിനിരക്കുന്നുണ്ട്. വൈദ്യുത ഭേദഗതി നിയമം ഉൾപ്പെടെയുള്ള കാർഷിക നിയമങ്ങളുടെ പ്രത്യാഘാതങ്ങൾ തൊഴിലാളികളുടെ വീക്ഷണകോണിൽ നിന്നുകൊണ്ട് കാർഷിക തൊഴിലാളികളോട് വിശദീകരിക്കുന്നതിനായി അവർ ഗ്രാമീണ പ്രചാരണ പരിപാടികൾ നടത്തുന്നുമുണ്ട്.

ട്രാക്ടറുകൾ സ്വന്തമല്ലാത്തതിനാൽ 1500 കുടുംബങ്ങളെ ദില്ലി അതിർത്തിയിൽ കാൽനടയായി എത്തിക്കുന്നതിനും റിപ്പബ്ലിക് ദിന പരേഡ് പങ്കെടുപ്പിക്കുന്നതിനും പഞ്ചാബിലെ പുതിയ ദലിത് ഭൂ അവകാശ സംഘടനയായ സമീൻ പ്രീതി സംഘർഷ് കമ്മിറ്റി പദ്ധതിയിട്ടിരുന്നു. ദില്ലിയിലേക്കുള്ള മാർച്ചിന് മറ്റൊരു വഴിയിലൂടെ സഞ്ചരിച്ച് കർഷക പോരാട്ടത്തിൽ ഒരു സ്വതന്ത്ര മുദ്ര പതിപ്പിക്കാനാണ് അവർ ശ്രമിച്ചത്. മുഴുവൻ കുടുംബ യൂണിറ്റുകളെയും ഇതിനായി കൂട്ടിച്ചേർക്കാൻ സംഘടനയ്ക്ക് കഴിഞ്ഞു. കാർഷിക നിയമങ്ങൾക്കെതിരായ പ്രതിഷേധത്തിൽ വിള്ളൽ വീഴ്ത്താൻ വേണ്ടി ജാട്ട്-ദലിത് ഭിന്നത ഉപയോഗപ്പെടുത്താൻ ബി.ജെ.പി ശ്രമിക്കുന്നതിനാൽ ഈ ഐക്യം പ്രധാനമാണ്.

കാർഷിക നിയമ പ്രക്ഷോഭങ്ങളിൽ ഒരു 'കിസാൻ-മസ്ദൂർ' കൂട്ടായ്മ രൂപപ്പെടുമ്പോഴും പഞ്ചാബിലെ ഗ്രാമങ്ങളിൽ ദലിത് കാർഷിക തൊഴിലാളികളോടുള്ള വിവേചനപരമായ പെരുമാറ്റം യാഥാർത്ഥ്യമായി തുടരുന്നു. എന്നിരുന്നാലും, കാർഷിക നിയമങ്ങൾ റദ്ദാക്കേണ്ടത് അവരുടെ നിലനിൽപ്പിന് അനിവാര്യമാണെന്നും ഭൂമി, വേതനം, അന്തസ്സ് എന്നിവയ്ക്കായുള്ള അടിസ്ഥാനപരമായ പോരാട്ടങ്ങൾ തുടരണമെന്നും ഫാം വർക്കർ യൂണിയനുകൾ ആഗ്രഹിക്കുന്നു.

നിലവിലെ ഘട്ടത്തിൽ, കർഷകരുടെ പ്രതിഷേധം ഭരണകക്ഷിയുടെ നവലിബറൽ, കോർപ്പറേറ്റ് അജണ്ടയ്ക്കെതിരായ മുന്നേറ്റത്തെയാണ് പ്രതിനിധീകരിക്കുന്നത്. കാർഷിക നിയമങ്ങൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തുകയും കൂടുതൽ വ്യാപിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കാരണം, പുതിയ കാർഷിക നിയമങ്ങൾ രാജ്യത്തിന്റെ ബഹുഭൂരിപക്ഷം അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ നിലനിൽപ്പിന് ഭീഷണിയായിത്തീരുകയും ജാതി, വർഗം, ലിംഗഭേദം എന്നിവ അടിസ്ഥാനമാക്കിയുള്ള അസമത്വങ്ങളും വിവേചനങ്ങളും കൂടുതൽ ആഴത്തിലാക്കുകയും ചെയ്യുന്നു.

(മുംബൈയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ സ്കൂൾ ഓഫ് ഡവലപ്മെന്റ് സ്റ്റഡീസിൽ നിന്ന് പിഎച്ച്ഡി നേടിയ രഞ്ജിനി ബസു ഇപ്പോൾ ദില്ലി ആസ്ഥാനമായുള്ള കാർഷികനയ ഗവേഷകയാണ്. കടപ്പാട്: ദി വയർ). ■